**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**
**ഫോൺ: 0471 2302490 ഫാക്സ് :0471 2303025/2303080**
ഇ-മെയിൽ: dhskerala@gmail.com വെബ്സൈറ്റ്:
**www.dhs.kerala.gov.in**

---

നം: ഇഎസ്2-25465/2024/ആ വ ഡ തീയതി: 26-12-2024

## നോട്ടീസ്

വിഷയം:- ആവഡ-ശ്രീ. സുകുമാരൻ. ടി, ഡ്രൈവർ ഗ്രേഡ് I, ജില്ലാ മെഡിക്കൽ ഓഫീസ് (ആ), കാഞ്ഞങ്ങാട്, കാസർഗോഡ് - ഡ്രൈവർ ഗ്രേഡ് II തസ്തികയിലെ സീനിയോറിറ്റി പുനർ നിർണ്ണയിക്കുന്നത് - നോട്ടീസ് പുറപ്പെടുവിക്കുന്നു.

സൂചന:-

1. അഡ്വൈസ് നം. കെജിഡി IV(2)4218/06 കെ പി എസ് സി കാസർഗോഡ് തീയതി 04/09/2012
2. ഉത്തരവ് നം. ഇ1-13842/2011 ഡ്രഗ്സ് കൺട്രോളർ തീയതി 13/09/2012
3. ഉത്തരവ് നം ഇഎസ്2-7000/2015/ആ വ ഡ തീയതി 18/09/2015
4. ഉത്തരവ് നം ഇഎസ്2-7000/2015/ആ വ ഡ തീയതി 06/12/2017
5. ശ്രീ. സുകുമാരൻ. ടി, ഡ്രൈവർ ഗ്രേഡ് I, ജില്ലാ മെഡിക്കൽ ഓഫീസ്, കാസറഗോഡിന്റെ 09/10/2024 ലെ അപേക്ഷ
6. കത്ത് നം ഡിഎംഓ(എച്ച്) കെ എസ് ഡി 3261/2024-എ2 തീയതി 18/10/2024
7. സർക്കുലർ നം. ഉപ.സി3/100/2024/പി & എ ആർ ഡി തീയതി 24/09/2024.

കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസിലെ ഡ്രൈവർ ഗ്രേഡ് I ശ്രീ. സുകുമാരൻ. ടി, സൂചന 7 പ്രകാരമുള്ള സർക്കുലറിന്റെ അടിസ്ഥാനത്തിൽ പി എസ് സി അഡ്വൈസ് തീയതി മുതലുള്ള സീനിയോറിറ്റി അനുവദിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് 09/10/2024ന് സമർപ്പിച്ച അപേക്ഷ സൂചന 6 പ്രകാരം കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയിരുന്നു.

ശ്രീ. സുകുമാരൻ. ടി, സൂചന 1 പ്രകാരമുള്ള പി എസ് സി നിയമന ശുപാർശയുടെയും സൂചന 2 പ്രകാരമുള്ള ഡ്രഗ്സ് കൺട്രോളറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡ്രൈവർ ഗ്രേഡ് II തസ്തികയിൽ ഹെഡ് ക്വാർട്ടേഴ്സ് ഒഴിവിൽ തിരുവനന്തപുരം ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ 25/09/2012 ന് ജോലിയിൽ പ്രവേശിച്ചു. തുടർന്ന് ടിയാൻ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിന്നും അന്തർ വകുപ്പ് സ്ഥലം മാറ്റം വഴി 17/05/2014 ന് ആരോഗ്യ വകുപ്പിൽ ജോലിയിൽ പ്രവേശിച്ചു. ആരോഗ്യ വകുപ്പിലെ ഡ്രൈവർ ഗ്രേഡ് II തസ്തികയിലെ 01/09/2011 മുതൽ 31/12/2014 വരെയുള്ള സൂചന 3 പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ ടിയാൻ ആരോഗ്യ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച തീയതി 17/05/2014 കണക്കാക്കി റാങ്ക് നം 163 A ആയി സൂചന 4 ലെ ഉത്തരവ് പ്രകാരം ടിയാനെ ഉൾപ്പെടുത്തിയിരുന്നു.

സൂചന 7 ലെ സർക്കുലർ പ്രകാരം ശ്രീ. സുകുമാരൻ. ടി ക്ക് അഡ്വൈസ് തീയതി 04/09/2012 പ്രകാരം സീനിയോറിറ്റിക്ക് അർഹതയുള്ളതിനാൽ ടിയാന്റെ ഡ്രൈവർ ഗ്രേഡ് II തസ്തികയിലെ സീനിയോറിറ്റി ആരോഗ്യ വകുപ്പിലെ 01/09/2011 മുതൽ 31/12/2014 വരെയുള്ള സൂചന 3 പ്രകാരമുള്ള ഡ്രൈവർ ഗ്രേഡ് II തസ്തികയിലെ സീനിയോറിറ്റി പട്ടികയിൽ റാങ്ക് നം 56A ആയി പുനർ നിർണ്ണയിക്കാനും സൂചന 4 പ്രകാരമുള്ള റാങ്ക് നം 163 A റദ്ദ് ചെയ്യാനും താൽക്കാലികമായി തീരുമാനിച്ച് നോട്ടീസ് പുറപ്പെടുവിക്കുന്നു.

വിശദ വിവരം ചുവടെ ചേർക്കുന്നു

| Sl No | Name & PEN | Date of Birth | Date of Entry in Service | PSC Advice details | Date Reckoned for Seniority | Existing Rank No | Proposed Rank No |
|---|---|---|---|---|---|---|---|
| | | | | Adv.No.KII(4)5/200 | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| **1** | Babu.M.K 702470 | 02/05/1972 | 05/09/2012 | 6 KPSC KTM dated 30/07/2012 | 30/07/2012 | 56 | - |
| **2** | Sukumaran.T 701783 | 13/05/1982 | 17/05/2014 | Adv.No. KGD IV(2) 4218/06 KPSC KGD dated 04/09/2012 | 04/09/2012 | 163 A | 56A |
| 3 | Santhoshkumar R 227258 | 20/05/1968 | 22/01/2013 | Adv.No.PII(1)2126/06 KPSC PKD dated 03/11/2012 | 03/11/2012 | 57 | - |

ഈ നോട്ടീസിന്മേൽ ആർക്കെങ്കിലും പരാതികളെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് **07** ദിവസത്തിനകം രേഖാമൂലം ഉചിതമാർഗ്ഗേണ ഈ ആഫീസിൽ എത്തിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആക്ഷേപങ്ങളൊന്നും ഇല്ലായെന്ന നിഗമനത്തിൽ താൽക്കാലിക തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്.

Signed by
M . Abul Kalam
Date: 26-12-2024 15:47:21

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്:-

ശ്രീ. സുകുമാരൻ. ടി,

ഡ്രൈവർ ഗ്രേഡ് I

ജില്ലാ മെഡിക്കൽ ഓഫീസ്(ആ), കാസർഗോഡ്

(ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേനെ)

പകർപ്പ്:-

**1.** ഏല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും

(ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേനെ)

2. സൂപ്രണ്ട്, എച്ച് റ്റി സെക്ഷൻ

3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്

4. ഫയൽ കരുതൽ ഫയൽ